പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.337 23.1.2018 ൽ മറുപടിയ്ക്ക്

## **സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണം**

ചോദ്യം മറുപടി

ശ്രീ.മുഹമ്മദ് മുഹസിൻ പി. ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| സർക്കാരിന്റെ പുതിയ കെട്ടിടങ്ങൾ ശാരീരികമായി വെല്ലുവിളി നേരിടുന്ന ആളുകൾക്കു കൂടി ഉപകാരപ്പെടുന്ന രീതിയിൽ നിർമ്മിക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുമോ ? | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം -1999 ചട്ടം 40A യിലും , കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 104 ലും പൊതുജനങ്ങൾക്ക് പ്രാപ്യമായ പ്രത്യേക വാസഗൃഹങ്ങൾ (ലോഡ്ജ് മുതലായവ ), വിദ്യാഭ്യാസ സ്ഥാപനങ്ങൾ , ആശുപത്രികൾ, വിനോദ/ വിജ്ഞാന സമ്പാദനത്തിനുള്ള അസംബ്ലി ഗണത്തിൽ പ്പെടുന്ന കെട്ടിടങ്ങൾ, ഓഫീസ് കെട്ടിടങ്ങൾ, വാണിജ്യ കെട്ടിടങ്ങൾ എന്നിവയിൽ നിർബന്ധമായും ശാരീരിക വെല്ലുവിളി നേരിടുന്ന ആൾക്കാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.<br>പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങളിൽ അംഗപരിമിതർക്കു കൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ റാമ്പുകൾ, ടോയ് ലറ്റുകൾ, ലിഫ്റ്റുകൾ, പാർക്കിംഗ് സൗകര്യങ്ങൾ തുടങ്ങിയവ നിർമ്മിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് ഇത്തരം സൗകര്യങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ